കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ്  മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിലെ പുറത്തൂർ ബസ് സ്റ്റാൻഡ് കളൂർ പുതുപ്പള്ളി റോഡ് നവീകരണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)27/2025/F&P** **Dated,22/01/2025**

---

എ.എസ് നമ്പർ : AS/FSH/24/40038 കാലാവധി : 21/01/2028

പരാമർശം:- 1 29.10.2023 ലെ സ.ഉ (സാധാ) നം. 851/2023/F&P നമ്പർ ഉത്തരവ്
2 20.12.2023 ലെ സ.ഉ (സാധാ) നം. 8972/2023/ധന നമ്പർ ഉത്തരവ്
3 02.09.2024 ലെ സ.ഉ (സാധാ) നം. 566/2024/F&P നമ്പർ ഉത്തരവ്
4 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.03.2024-ലെ HECE/177/2020-D6 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിലെ പുറത്തൂർ ബസ് സ്റ്റാൻഡ് - കളൂർ പുതുപ്പള്ളി റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) ലെ പ്രകാരം 150.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ നിന്നും പരാമർശം (2) ലെ ഉത്തരവ് പ്രകാരം തുക അനുവദിച്ചതിനാൽ ടി തുക മംഗലം പഞ്ചായത്തിലെ ആശാൻപടി- വാടിക്കൽ റോഡിന് പരാമർശം (3) പ്രകാരം മാറ്റി നൽകി ഉത്തരവായിരുന്നു. ആയതിനാൽ പുറത്തൂർ ബസ് സ്റ്റാൻഡ് കളൂർ പുതുപ്പള്ളി റോഡിന് ബഡ്ജറ്റിൽ അനുവദിച്ച തുകയായ 250.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ, പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിലെ പുറത്തൂർ ബസ് സ്റ്റാൻഡ് കളൂർ പുതുപ്പള്ളി റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി | 2,50,00,000 |
| ആകെ (രണ്ട് കോടി അൻപത് ലക്ഷം രൂപ) | | **2,50,00,000** |

AS/FSH/24/40038

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് പുറത്തൂർ ബസ് സ്റ്റാൻഡ് - കളൂർ പുതുപ്പള്ളി റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ''4405-00-103-94'' തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ '' (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും 250 ലക്ഷം രൂപയുടെ (ഇരുനൂറ്റൻപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
ജോയിന്റ് സെക്രട്ടറി
മത്സ്യബന്ധന വകുപ്പ്

To

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2830312/WCD-2/128/2024-FIN dated 08.01.2025)
ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/101/2024/മഉവ)

ഓർഡർ പ്രകാരം കൈമാറി,
Salini K J

AS/FSH/24/A0038